പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7393

14.07.2014 ലെ മറുപടിയ്ക്ക്

## കർഷക ദിനാചരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2014 വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉത്ഘാടനത്തോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനതലത്തിൽ കർഷകദിനം ആഗസ്റ്റ് 16 ന് കോഴിക്കോട് ബീച്ച് മൈതാനത്തിൽ വച്ച് നടത്തുന്നതാണ്. ഇതിനോട് അനുബന്ധിച്ച് വിവിധ സംസ്ഥാനതല കർഷക അവാർഡുകൾ വിതരണം ചെയ്യുന്നതാണ്. 2014 ആഗസ്റ്റ് 17, 18, 19 എന്നീ ദിവസങ്ങളിൽ സെമിനാറുകൾ, എക്സിബിഷനുകൾ, കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾ, അക്വപെറ്റ് ഷോകൾ, വൈകുന്നേരങ്ങളിൽ കലാസന്ധ്യ എന്നിവ നടത്തുന്നതാണ്. ആഗസ്റ്റ് 19 ന് സമാപന സമ്മേളനം നടത്തും. പരിപാടി വിജയകരമായി നടത്തുന്നതിനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കർഷകർക്ക് പുതിയ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും പുതിയ മാർക്കറ്റിംഗ് രീതികൾ പരിചയപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ കാർഷിക ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) ആഗസ്റ്റ് 16 കർഷകദിനം സംസ്ഥാനതലത്തിൽ ആചരിക്കുന്നതിന് പുറമേ, എല്ലാ കൃഷിഭവനിലും അന്നേ ദിവസം സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ നടത്തുന്നതാണ്. രോഗകീട പ്രതിരോധ മാർഗ്ഗങ്ങൾ, പുത്തൻ സാങ്കേതിക വിദ്യ എന്നിവയും ചർച്ചാവിഷയങ്ങളാണ്. |

സെക്ഷൻ ഓഫീസർ.